ഭൂമിപതിച്ചു്

*വ ൦ ൦. (൧ ൽ) ശ്രീ. ടി. കെ. കുഞ്ഞയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ സദയം മറുപടി പറയുമോ:—

(എ) അധഃകൃതരുടെ പേരിൽ ഭൂമി പതിച്ചു പണക്കാർ കൈവശംവച്ചു നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്ന വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശ്രദ്ധയിൽപ്പെട്ട ആ വിഷയത്തിൽ വല്ല അന്വേഷണവും നടത്തിയോ; നടത്തിയെങ്കിൽ ഫലമെന്താണു്?

ശ്രീ. എ. ജെ. ജാൻ: അങ്ങിനെ പരാതികൾ ഒരു സ്ഥലത്തുനിന്നു മാത്രം കിട്ടിട്ടുണ്ടു്. കുന്നത്തുനാടു താലൂക്കിൽ വേളൂർ എന്ന സ്ഥലത്തുനിന്നുമാണു് കിട്ടിട്ടുള്ളതു്.

(ബി) ഇതുസംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നുണ്ടു്. എല്ലാ വിവരങ്ങളും കിട്ടിയതിനുശേഷം വേണ്ട നടപടികൾ നടക്കുന്നതാണു്.

ശ്രീ. ഇ. പി. പൗലോസ്: പണമില്ലാത്തവർക്കു ഭൂമിപതിച്ചുകൊടുത്തതിനുശേഷം മറ്റു ചിലവുകൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നതു പണം അനുവദിച്ചുകൊടുക്കുമോ?

Mr. Speaker: That does not arise.

ശ്രീ. പി. കെ. ഡിവർ: ഈ പരാതി കിട്ടിയിട്ടു് എത്ര നാളായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: കുറെ ദിവസങ്ങളായി.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുന്നത്തുനാടു താലൂക്കിൽ നിന്നും കിട്ടിയ പരാതിയെപ്പറ്റി വല്ല അന്വേഷണവും നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നടത്തുന്നുണ്ടെന്നു ഞാൻ ആദ്യമേ പറഞ്ഞു.

ശമ്പളക്കുടിശ്ശിക

*വ ൦൯. (൩ ൦) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

പല താലൂക്കുകളിലും റവന്യൂവകുപ്പിന്റെ കീഴിലുള്ള കടുത്ത വള്ളക്കാർ, തുപ്പുകാർ, തുടങ്ങിയുള്ള അല്പശമ്പളക്കാരുടെ ശമ്പളവും അലവൻസും അനേകമാസങ്ങളായി കുടിശ്ശികയാകുന്നതിനുള്ള കാരണം എന്താണു്?

ശ്രീ. എ. ജെ. ജാൺ: കടുത്തുവള്ളക്കാർക്കും തുപ്പുകാർക്കും ശമ്പളം കൊടുക്കുന്നതിനുള്ള ഓർഡ്ഡറു് അനുസരിച്ചു അനുവദിച്ചിട്ടുള്ളതു തീർന്നുപോയതുകൊണ്ടാണു് കൊടുക്കാതിരുന്നിട്ടുള്ളതു്. കഴിഞ്ഞ രണ്ടോ മൂന്നോ കൊല്ലമായി കടുത്ത വള്ളക്കാർക്കു തുപ്പുകാർക്കുമെല്ലാം മറ്റു ഡിപ്പാർട്ട്മെൻറിലെ സ്ഥിര ശമ്പളക്കാരെപ്പോലെ ക്ഷാമബത്തയും മറ്റും വർദ്ധിപ്പിച്ചിരുന്നു. എന്നാൽ അതനുസരിച്ചുള്ള സംഖ്യ ബഡ്ഡറ്റിൽ വർദ്ധിപ്പിച്ചിട്ടുമില്ല. അതുകൊണ്ടു് അവർക്കു കുറച്ചുമാസങ്ങളായി അവരുടെ ശമ്പളവും അലവൻസും കൊടുക്കാൻ സാദ്ധ്യമായിട്ടില്ല. എന്നാൽ ഇപ്പോൾ ഇതുവരെയുള്ള കുടിശ്ശികയും തീർക്കുവാൻ എർപ്പാടു് ചെയ്തിട്ടുണ്ടു്. ഓരോ കൊല്ലത്തിലും ഇപ്രകാരം മുൻകൊല്ലങ്ങളിലെ ശമ്പളം കുടിശ്ശിക വരുന്നതു അടുത്ത കൊല്ലത്തെ തുകയിൽനിന്നും കൊടുത്തു തീർത്തുവരികയായിരുന്നു. ഇപ്പോൾ സകല കുടിശ്ശികയും തീർക്കുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. എ. മാത്യു: ൧൯൪൯ മുതൽ ൧൯൫൨ വരെ അവരുടെ ഡിയർനസു അലവൻസു് കിട്ടാനുള്ളതു് ഇതുവരെ കൊടുത്തിട്ടില്ലെന്നു ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അന്നത്തെ രൂൾ അനുസരിച്ചു് കൊടുക്കാനുണ്ടെങ്കിൽ അതു് കൊടുക്കുന്നതാണു്.

ശ്രീ. പി. ടി. ചാക്കോ: ഈ ഡിപ്പാർട്ട്മെൻറിലെ ശമ്പളക്കാർക്കു ശമ്പളം കൊടുക്കാതെ കുടിശ്ശിക വന്നപ്പോൾ അതുകൊടുത്തു തീർക്കുന്നതിലേക്കു മറ്റു ഡിപ്പാർട്ട്മെൻറിൽനിന്നും ഉക ഡൈവർട്ട് ചെയ്യാൻ നിവർത്തിയില്ലേ?

ശ്രീ. എ. ജെ. ജാൺ: അങ്ങിനെ അപേക്ഷ ഒന്നും വന്നിട്ടില്ല.

ശ്രീ. പി. ടി. ചാക്കോ: അങ്ങിനെ അപേക്ഷ വരുത്തിക്കൊണ്ടു അതു ഡൈവർട്ട് ചെയ്യാമായിരുന്നുവല്ലേ.

LIBRARY ARCHIVES Kerala Legislative Assembly